# ഏലൂർ മലിനീകരണം – പൊതുശുപാർശകൾ

കേരളീയം ന്യൂസ് സർവ്വീസ്

**മൗലികാവകാശങ്ങൾ** അനുവദിക്കുന്ന ഭരണഘടനയുടെ 14, 21 വകുപ്പുകളുടെ ലംഘനമാകും വിധത്തിൽ അപകടകരമായ മാലിന്യങ്ങൾ വായുവിലും വെള്ളത്തിലും മണ്ണിലും കലർത്തുന്ന രാസവ്യവസായങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കണമെന്നാവശ്യപ്പെട്ട് ആർ.എഫ്.എസ്.ടി. യെന്ന സ്ഥാപനം സുപ്രീം കോടതിയിൽ നൽകിയ ഹർജിയുടെ തുടർച്ചയായാണ് ഇപ്പോൾ നിലവിലുള്ള സുപ്രീം കോടതി മോണിറ്ററിങ്ങ് കമ്മിറ്റി നിലവിൽ വന്നത്. കേന്ദ്രമലിനീകരണ നിയന്ത്രണബോർഡിന്റെ മുൻഅംഗം ഡോ. ജി. ത്യാഗരാജൻ ചെയർമാനും കേന്ദ്ര ബോർഡിന്റെ ഇപ്പോഴത്തെ ചെയർമാനും, നീറി, എൻഎംഎൽ, ഡെറാഡൂണിലെ ഐഐപി, പൂനയിലെ എൻസിഎൽ തുടങ്ങിയ സ്ഥാപനങ്ങളിലെ ഡയറക്ടർമാരും ക്ലോസ്അൽവാരിസ് എന്ന പരിസ്ഥിതി പ്രവർത്തകനും അടങ്ങിയ പത്തംഗ സമിതിയാണിത്. ഈ സമിതി 2004 ആഗസ്റ്റ് 14-ന് കേരളം സന്ദർശിച്ചു. സുപ്രീം കോടതി ഉത്തരവുകളെ നഗ്നമായി ലംഘിച്ചുകൊണ്ടാണ് നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് അവർ ഞെട്ടലോടെ കണ്ടെത്തി. പെരിയാറിൽ നൂറുകണക്കിന് വിഷമാലിന്യങ്ങൾ ഒഴുക്കുന്നുവെന്നും കണ്ടെത്തി. ഇതിന്റെ അടിസ്ഥാനത്തിൽ നിയമലംഘനം നടത്തുന്ന എല്ലാ കമ്പനികളും അടച്ചുപൂട്ടണമെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനോട് സമിതി ആവശ്യപ്പെട്ടു. ഈ പ്രദേശത്തെ മലിനീകരണം നിയന്ത്രിക്കുന്നതിന് ഒരു പ്രാദേശിക പരിസ്ഥിതി സമിതി രൂപീകരിക്കുവാനും പ്രദേശത്തെ 247 വ്യവസായ സ്ഥാപനങ്ങളും നേരിട്ട് പരിശോധിക്കാൻ ഈ സമിതിക്ക് അധികാരം നൽകാനും തീരുമാനിച്ചു. "പെരിയാറിലേക്ക് നിയമവിരുദ്ധമായി യാതൊരു മലിന വസ്തുക്കളും പാടില്ലെന്ന് (ഖരമായോ ദ്രാവകമായോ പാടില്ല) ഉറപ്പുവരുത്താൻ പ്രാദേശിക സമിതിയെ ചുമതലപ്പെടുത്തി. 2003 ഒക്ടോബർ 14-ലെ സുപ്രീംകോടതി വിധി എല്ലാ അർത്ഥത്തിലും പാലിക്കുന്നുവെന്നും ഇതിന്റെ വിശദാംശങ്ങൾ പൊതുജനങ്ങൾക്കു കാണാവുന്ന വിധം ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിക്കുന്നുവെന്നും ഉറപ്പുവരുത്താൻ പ്രാദേശികസമിതിയെ ചുമതലപ്പെടുത്തി. ആറുമാസത്തിനകം എല്ലാ നിയമങ്ങളും പാലിക്കണമെന്നും അതിനുകഴിയാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടണമെന്നും സുപ്രീംകോടതി സമിതി ഉത്തരവിട്ടു. 2004 നവംബർ 2 മുതൽ ഏലൂർ എടയാർ മേഖലയിൽ സമിതി പരിശോധന ആരംഭിച്ചു. വിവിധ സ്ഥാപനങ്ങൾ നടത്തുന്ന നിയമലംഘനങ്ങൾ കണ്ടെത്തി. അപകടരമായ മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കാനും സാദ്ധ്യമാകുമെങ്കിൽ സംസ്കരിക്കാനും കഴിയുന്ന പൊതു സംവിധാനം (ടിഎസ്ഡിഎഫ്) സ്ഥാപിക്കാൻ പറ്റിയ സ്ഥലം നിർദ്ദേശിക്കാനും പ്രാദേശിക സമിതിക്ക് അധികാരമുണ്ട്. ഈ സമിതിക്ക് പരിശോധന നടത്തണം. നിർദ്ദേശങ്ങൾ നൽകാനും മാത്രമേ കഴിയൂ. (കുരയ്ക്കാനേ കഴിയൂ ... കടിക്കാനാവില്ല) നടപടികൾ സ്വീകരിക്കേണ്ടത് മലിനീകരണ നിയന്ത്രണ ബോർഡാണ്. ഐആർഇ, മെർക്കം, എച്ചഐഎൽ, ഫാക്ട് തുടങ്ങി സ്ഥാപനങ്ങൾ സൃഷ്ടിക്കുന്ന മലിനീകരണത്തെപ്പറ്റി വിശദമായ റിപ്പോർട്ടുകൾ സമിതി ബോർഡിനു സമർപ്പിച്ചിട്ടുണ്ട്. തട്ടിപ്പുകാരായ ചില ലബോറട്ടറികൾ നൽകിയ റിപ്പോർട്ടുകളുടെ പിൻബലത്തിൽ പിടിച്ചുനിൽക്കാൻ പല വ്യവസായികളും ശ്രമിക്കുന്നതിനെതിരെ സമിതി ബോർഡിനു മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

എൽഎഇസി നൽകിയ മലിനീകരണ നിയന്ത്രണ ബോർഡിനു നൽകിയ നിർദ്ദേശങ്ങളിൽ പ്രധാനമായ ചിലത് താഴെ ചേർക്കുന്നു.

1. രാസാപകടങ്ങൾ സംബന്ധിച്ചുള്ള 1996-ലെ നിയമം അനുസരിച്ച് ഏലൂർ എടയാർ മേഖലകളിൽ വൻ അപകട സാദ്ധ്യതയുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ സമഗ്രമായ ഒരു രാസാപകട മാനേജ്മെന്റ് പദ്ധതി തയ്യാറാക്കണം.

2. ഈ പ്രദേശത്തെ രാസവ്യവസായങ്ങളുടെ എണ്ണം കണക്കിലെടുത്തുകൊണ്ട് അവയെ നിരീക്ഷിക്കാനും പരിശോധിക്കാനും ലൈസൻസ് നടപടികൾ എടുക്കാനും മറ്റുമായി മലിനീകരണ നിയന്ത്രണ ബോർഡിനെ ശക്തിപ്പെടുത്തണം.

3. വിവിധ കമ്പനികളിലെ ഉൽപ്പന്നങ്ങൾ അവ നിർമ്മിക്കാനുള്ള അസംസ്കൃത വസ്തുക്കൾ, പുറത്തുവിടുന്നതും ശേഖരിക്കുന്നതുമായ മാലിന്യങ്ങൾ മുതലായ സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിക്കണം.

4. പാടശേഖരങ്ങൾ, കരഭൂമി, ജലസ്രോതസ്സുകൾ മുതലായവ മാരകവിഷങ്ങൾമൂലം മലിനമായ ഭൂവുടമകൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകാൻ കമ്പനികൾക്കു നിർദ്ദേശം നൽകണം.

5. സ്റ്റോക്ഹോം തീരുമാനത്തിൽ ഒപ്പിട്ട രാജ്യമാണ് ഇന്ത്യ. അതുകൊണ്ടുതന്നെ ഡിഡിടി നിർമ്മിക്കുന്ന എച്ച്ഐഎൽ പോലുള്ള കമ്പനികൾ നടത്തുന്ന മലിനീകരണം തടയണം.

6. സ്വകാര്യ ലാബുകൾക്കു നൽകിയിരിക്കുന്ന അംഗീകാരങ്ങൾ പുനഃപരിശോധിക്കണം. സർക്കാർ ലാബുകളെ ശക്തിപ്പെടുത്തും.

7, ഓരോ കമ്പനിയിൽനിന്നും (ജലനിയമം, വായുനിയമം

മുതലായവ അനുസരിച്ച് ജലവും, വായുവും സംരക്ഷിക്കാമെന്ന ഉറപ്പു പാലിക്കുന്നതിന്) ബോർഡ് ബാങ്ക് ഗ്യാരന്റികൾ വാങ്ങണം. മെർക്കം, ബിനാനി സിങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും 2 മുതൽ 10 ലക്ഷം വരെ രൂപക്കുള്ള ഗ്യാരന്റിയാണ് വാങ്ങേണ്ടത്.

8. എല്ലാ സ്ഥാപനങ്ങളും പുറത്തുവിടുന്ന മാലിന്യങ്ങളുടെ സാമ്പിളുകൾ നിയമപരമായി ശേഖരിച്ചു പരിശോധിക്കണം.

9. പ്രാദേശിക സമിതിയിൽ പ്രവർത്തിക്കുന്ന, മലിനീകരണ നിയന്ത്രണബോർഡിലെ വിദഗ്ധരെ ഇടയ്ക്കിടയ്ക്ക് മാറ്റാൻ പാടില്ല. പ്രവർത്തനങ്ങളുടെ തുടർച്ചയ്ക്ക് ഇതാവശ്യമാണ്. സ്തുത്യർഹമായ തരത്തിൽ സമിതിയെ സഹായിച്ച ബോർഡ് ഉദ്യോഗസ്ഥന്മാർക്ക് ന്യായമായ അംഗീകാരങ്ങൾ നൽകണം.

10. മാരക വിഷങ്ങൾ ഏറെക്കാലമായി പുറത്തുവിടുന്നുവെന്ന് സാമ്പിളുകളിൽ നിന്നും ജലാശയങ്ങളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളിൽനിന്നും സംശയരഹിതമായി ബോദ്ധ്യപ്പെട്ട നിരവധി കമ്പനികളുണ്ട്. പെരിയാർ മലിനീകരണത്തിന് ഈ കമ്പനികളെല്ലാം ഉത്തരവാദികളാണെന്ന് പ്രഖ്യാപിച്ച് അവർക്കെതിരെ നടപടി സ്വീകരിക്കണം.

11. രാസമലിനീകരണം മൂലം കുടിവെള്ളം നഷ്ടപ്പെട്ട ഏലൂർ പഞ്ചായത്തിലെ 1, 2, 3, 4, 17 വാർഡുകളിലെ ജനങ്ങൾക്ക് ഡിസംബർ 31-ന് മുമ്പ് ശുദ്ധജലം എത്തിക്കണം.

12. മലിനീകരണത്തിന്റെ നിലവാരം വളരെ കൂടിയതാണെന്നതിനാൽ അതു പരിശോധിക്കാൻ വിദഗ്ദ്ധരായവരെ ഉൾപ്പെടുത്തണം.

13. അനധികൃതമായി പ്രവർത്തിച്ച് മലിനീകരണം നടത്തുന്ന കമ്പനികൾ അടിയന്തിരമായി അടപ്പിക്കണം.

14. കമ്പനികൾ നിയമവിരുദ്ധമായി അടച്ചുകെട്ടിയ പൊതുറോഡുകൾ തുറന്നു കൊടുക്കണം.

15. മലിനീകരണം മൂലം വിവിധ രോഗങ്ങൾ പിടിപെട്ട പലർക്ക് ആവശ്യമായ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തണം.

16. ബോർഡിന്റെ അംഗീകാരമില്ലാതെ കമ്പനികൾ യാതൊരുവിധ മാലിന്യങ്ങളും പുറത്തുവിടില്ലെന്ന് ഉറപ്പുവരുത്തണം.

17. നിയമവിരുദ്ധമായ രാസവസ്തുക്കളുടെ ഗതാഗതം തടയുന്നതിന് ബോർഡ് രാസ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കണം.

18. പെരിയാറിൽ നിന്നും വെള്ളമെടുക്കുന്ന എല്ലാ സ്ഥാപനങ്ങളും എടുക്കുന്ന ജലത്തിന്റെ അളവ് കാണിക്കുന്ന സീൽചെയ്ത മീറ്ററുകൾ സ്ഥാപിക്കണം. ഓരോ യൂണിറ്റുമെടുക്കുന്ന വെള്ളത്തിന് പരിധി ഏർപ്പെടുത്തണം. വെള്ളത്തിന് സെസ്സ് ശേഖരിക്കണം.

19. നാളിതുവരെ ബോർഡ് ഓരോ വ്യവസായത്തിലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കി, പ്രാദേശിക സമിതിയുടെ നിർദ്ദേശങ്ങൾ ചേർത്ത് സുപ്രീം കോടതിയുടെ സമിതിക്ക് നൽകണം.


**കൊച്ചിൻ ഫിലിം സൊസൈറ്റി ഇരുപതാം വാർഷികം**

**രണ്ടാമത് കൊച്ചി അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവൽ**

2005 ഒക്ടോബർ 27 മുതൽ നവംബർ 2 വരെ
ശ്രീധർ തിയ്യേറ്റർ, ടൗൺ ഹാൾ
ബന്ധങ്ങൾക്ക് : 9447414433


## പെരിയാർ സംബന്ധിച്ച ശുപാർശകൾ

1. പെരിയാറിന്റെ അതിർത്തികൾ സർവ്വേ ചെയ്ത് കയ്യേറ്റക്കാരെ ഒഴിപ്പിക്കണം.

2. നദിയെ സംരക്ഷിക്കാൻ പ്രത്യേകസേന രൂപീകരിക്കണം. നദിയെ നശിപ്പിക്കുന്നവരെ മാതൃകാപരമായി ശിക്ഷിക്കണം.

3. അനധികൃതമണൽ പിടിച്ചെടുത്ത് വിറ്റുകിട്ടുന്ന പണമുപയോഗിച്ച് പെരിയാർ സംരക്ഷണ ഫണ്ട് സ്വരൂപിക്കണം.

4. ഓരോ കമ്പനിയും പെരിയാറിലേക്കിട്ടിരിക്കുന്ന കുഴലുകളിലെ മാലിന്യങ്ങൾ പരിശോധിക്കാൻ സംവിധാനം വേണം.

5. നദിയിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങൾ പുറത്തെടുക്കണം.

6. നദിയിൽ മത്സ്യസംരക്ഷ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

7. പി.ഒ.പി. (രാസ) പരിശോധനക്കായി സംവിധാനങ്ങൾ സ്ഥാപിക്കണം.

8. പുതിയ ഒരു രാസവ്യവസായങ്ങളും ഈ മേഖലയിൽ സ്ഥാപിക്കാൻ അനുവദിക്കരുത്.

9. വ്യവസായ വകുപ്പിന്റെയും മറ്റും കീഴിലുള്ള ഒഴിഞ്ഞ സ്ഥലത്ത് വൃക്ഷങ്ങൾ വച്ചു പിടിക്കാൻ അവരോട് ആവശ്യപ്പെടണം.

10. മൂന്നുവർഷത്തിനകം യാതൊരു മാലിന്യങ്ങളുടെ പുറത്തുവിടാത്ത (സീറോ വേസ്റ്റ്) കമ്പനികളായി മാറ്റാൻ ബോർഡ് നിർബന്ധിക്കണം.

11. നദിയിലെ ഒഴുക്കു കുറയാതിരിക്കാൻ, പെരിയാറിൽ പുതുതായി ഒരണയും കെട്ടരുത്.

12. തീരം സംരക്ഷിക്കാൻ മരങ്ങൾ വെച്ചു പിടിപ്പിക്കണം.

13. അനിയന്ത്രിത മണൽവാരൽമൂലം നദിയുടെ ആഴം വളരെയധികം കൂടുകയും അതിന്റെ ഫലമായി കരയിടിഞ്ഞു പോകുകയും ചെയ്യുന്നു. ജലനിരപ്പു താഴുന്നു. അതു തടയാൻ മലയാറ്റൂരിനുതാഴെ അടുത്ത 10 വർഷത്തേക്ക് മണൽ വാരൽ നിരോധിക്കണം.

ഇപ്പറഞ്ഞ നിർദ്ദേശങ്ങൾ വെറുമൊരു പരിസ്ഥിതി സംഘടന നൽകുന്നവയല്ല. സുപ്രീംകോടതി നിയമിച്ച സമിതിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച നിയമപ്രകാരമുള്ള പ്രാദേശിക പരിസ്ഥിതി സമിതി ഉന്നയിക്കുന്നവയാണ്. ഏലൂരിലെ ജനങ്ങൾ ഏറെക്കാലമായി നടത്തിവരുന്ന പോരാട്ടങ്ങളുടെ കൂടി ഫലമാണ് ഇതു സാദ്ധ്യമായത്. എന്നാൽ ഇത്രയും നിയമ സാദ്ധ്യതയുള്ളതും ശാസ്ത്രീയ പഠനങ്ങൾ നടത്തിയതുമായ സമിതിയുടെ നിർദ്ദേശങ്ങളെ പരസ്യമായി എതിർക്കാനും സമിതിയിലെ സന്നദ്ധ പ്രവർത്തകരെ അവഹേളിക്കാനും ചെറുകിട വ്യവസായികളുടെ സംഘടനയുടെ പേരിൽ ചിലർ രംഗത്തെത്തിയിട്ടുണ്ട്. മെർക്കം എന്ന ഭീമൻ വിഷക്കമ്പനിയാണ് ഈ നീക്കത്തിനു പിന്നിലെന്നറിയാൻ യാതൊരു ബുദ്ധിമുട്ടുമില്ല. എത്ര നിയമ സാദ്ധ്യതയുണ്ടെങ്കിലും ഇതിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ വേണ്ട ശേഷിയും സന്നദ്ധതയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനുണ്ടെന്നു പറയാനാകില്ല. ഇതിനും ശക്തമായ ജനകീയ ഇടപെടൽ അനിവാര്യമാണ്.